പഞ്ചായത്തുകളുടെ കാലാവധി

237 [289] [ശ്രീ. റ്റി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പഞ്ചായത്തുകളുടെ കാലാവധി തീർന്നിട്ട് എത്ര വർഷങ്ങളായി ;

(ബി) അനിശ്ചിതമായി ഇങ്ങനെ കാലാവധി (അവധി) നീട്ടുന്നതിന്റെ കാരണമെന്ത് ;

(സി) ഇനിയെങ്കിലും അവധി നീട്ടാതെ തെരഞ്ഞെടുപ്പ് നടത്തുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) ഏറ്റവും ഒടുവിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1963 ഡിസംബറിലാണ് നടന്നത്. അന്നു തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ കാലാവധി 31-12-1968 വരെയായിരുന്നു. എന്നാൽ, അതിനുശേഷം വിവിധ ഗവൺമെൻറ് വിജ്ഞാപനങ്ങളും മുഖേന 1976 ഡിസംബർ 31-ാം തീയതി വരെ കേരളത്തിലെ നിലവിലുള്ള പഞ്ചായത്തുകളുടെ കാലാവധി നീട്ടുകയുണ്ടായി.

(ബി) പല കാരണങ്ങളും ഉണ്ടായിരുന്നത് ഈ സഭയിൽ പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളതാണ്.

(സി) 1976 ഡിസംബർ 31-നു മുൻപ് തെരഞ്ഞെടുപ്പ് നടത്താൻ സാദ്ധ്യമാകുകയില്ല.

കോട്ടയം മുനിസിപ്പൽ റെസ്റ്റ് ഹൗസ്

238 [290] [ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം മുനിസിപ്പാലിറ്റി വക റെസ്റ്റ് ഹൗസ് സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്തുകൊടുക്കുവാനുള്ള കൗൺസിലിന്റെ തീരുമാനത്തിന് എതിരെ കോട്ടയം ബ്ലോക്ക് യൂത്ത് കോൺഗ്രസ് കമ്മിറ്റി ഗവൺമെൻറിന് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

നിലവിലുള്ള നിയമമനുസരിച്ച് കോട്ടയം മുനിസിപ്പാലിറ്റി വക റെസ്റ്റ് ഹൗസ് മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് ലേലം ചെയ്തുകൊടുക്കുന്നതിനു കോട്ടയം മുനിസിപ്പൽ കൗൺസിലിന് അധികാരമുണ്ട്. കൗൺസിലിന്റെ നടപടി നിയമാനുസൃതമാകയാൽ ഇക്കാര്യത്തിൽ ഗവൺമെൻറിൽനിന്നും നടപടികളും എടുക്കുവാൻ നിർവ്വാഹമില്ല. അതിനാൽ കോട്ടയം ബ്ലോക്ക് യൂത്ത് കോൺഗ്രസ് കമ്മിറ്റി ഗവൺമെൻറിനു നൽകിയ നിവേദനം വേണ്ട നടപടികൾക്കായി മുനിസിപ്പാലിറ്റീസ് ഡയറക്ടർക്ക് അയച്ചുകൊടുത്തു. ഡയറക്ടർ അത് കോട്ടയം മുനിസിപ്പൽ കൗൺസിലിന്റെ അറിവിനും പരിഗണനയ്ക്കുമായി അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly